പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 506 — 02.07.2013-ൽ മറുപടിയ്ക്ക്

# ഇലക്ട്രിസിറ്റി ബോർഡിൻെറ ദൈനംദിന പ്രവർത്തനത്തിന് ആവശ്യമായ സാധന സാമഗ്രികളുടെ ലഭ്യത.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. നാണു :<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീമതി. ജമീലാ പ്രകാശം :<br>ശ്രീ. മാത്യു റ്റി. തോമസ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) ഇലക്ട്രിസിറ്റി ബോർഡിൻെറ ദൈനംദിന പ്രവർത്തനത്തിന് ആവശ്യമായ സാധന സാമഗ്രികൾ ബോർഡ് അധികൃതർ വാങ്ങി നൽകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) വൈദ്യുതി ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം, കമ്പനികൾക്കുള്ള പേയ്മെൻറ് യഥാസമയം നൽകാൻ കഴിയാതിരുന്നതിനാൽ ചില സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. |
| (ബി) പുതിയ ലൈൻ വലിക്കുന്നതിന് കഴിയാത്ത സാഹചര്യമാണ് മിക്ക സെക്ഷൻ ഓഫീസുകളിലും നിലനിൽക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇല്ല. പുതിയ ലൈൻ വലിയ്ക്കുന്നതിന് ആവശ്യമായ സാധന സാമഗ്രികൾ ഇപ്പോൾ സെക്ഷൻ ഓഫീസുകളിൽ ലഭ്യമാണ്. |
| (സി) ദൈനംദിന പ്രവർത്തനത്തിന് ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കേണ്ട ഉത്തരവാദിത്വം വൈദ്യുതി ബോർഡിലെ ഏത് ഉദ്യോഗസ്ഥനിലാണ് നിക്ഷിപ്തമായിരിക്കുന്നത് | (സി) വിതരണ വിഭാഗത്തിനാവശ്യമായ മീറ്ററുകൾ, ട്രാൻസ്ഫോർമറുകൾ, വെതർ പ്രൂഫ് വയർ, കണ്ടക്ടറുകൾ, 11 കെ. വി ഇൻസുലേറ്ററുകൾ, കേബിളുകൾ, എ. ബി സ്വിച്ച്, കമ്പ്യൂട്ടർ തുടങ്ങിയവയും, പ്രസരണ വിഭാഗത്തിനാവശ്യമായ സാമഗ്രികളും ബോർഡിൻെറയും, പർച്ചേസ് കമ്മിറ്റിയുടെയും അനുമതി അനുസരിച്ച് ചീഫ് എഞ്ചിനീയർ (എസ്. സി എം) വാങ്ങുന്നു. വിതരണ വിഭാഗത്തിനാവശ്യമായ മറ്റു സാധന സാമഗ്രികൾ എല്ലാം തന്നെ അതത് വിതരണ വിഭാഗം ചീഫ് എഞ്ചിനീയർ ഓഫീസുകളിൽ നിന്നും വാങ്ങുന്നു. |

| | | | |
|---|---|---|---|
| (ഡി) | കൃത്യനിർവ്വഹണത്തിൽ വീഴ്ച്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ ; | (ഡി) | കൃത്യനിർവ്വഹണത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായതായി കാണുന്നില്ല. |
| (ഇ) | ആവശ്യമായ സാധന സാമഗ്രികൾ മുഴുവൻ എന്നേക്ക് ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ഇ) | ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനായി അനുബന്ധത്തിൽ വിവരിച്ചിരിക്കുന്ന ഓർഡറുകൾ നിലവിലുണ്ട്. |

**സെക്ഷൻ ഓഫീസർ.**

K506

1

## അനുബന്ധം

| ക്രമ നമ്പർ | ആവശ്യ സാധനം | ആകെ എണ്ണം | ഇന്നുവരെ ലഭ്യമായത് | തുടർന്ന് ലഭ്യമാക്കേണ്ടത്. |
|---|---|---|---|---|
| 1) | സിംഗിൾ ഫേസ് ഇലക്ട്രോണിക് മീറ്റർ | 12 ലക്ഷം | 1,10,000 | 10,90,000 (പ്രതിമാസം രണ്ട് ലക്ഷം എന്ന തോതിൽ 11/2013 അകം) |
| 2) | ത്രീ ഫേസ് ഇലക്ട്രോണിക് മീറ്റർ | 50000 | 39566 | 10434 (30/06/2013 അകം) |
| 3) | എൽ.റ്റി സി.റ്റി. മീറ്ററുകൾ | 5000 | - | 5000 (31/07/2013 അകം) |
| 4) | 11കെ.വി. പിൻ | 125000 | 125000 | - |
| 5) | 11കെ.വി. പിൻ ഇൻസുലേറ്റർ | 125000 | 46669 | 78331 (ഉടനെ ലഭ്യമാകുന്നതാണ്) |
| 6) | ട്രാൻസ്ഫോർമർ | 2013-14 വർഷത്തെ പ്ലാൻ വർക്കിനാവശ്യമായ ട്രാൻസ്ഫോർമറുകൾ (100 കെ.വി.എ - 2050 എണ്ണം) (160 കെ.വി.എ - 172 എണ്ണം) വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. | | |
| 7) | കണ്ടക്ടർ | 1850 കി.മീ. – എസിഎസ്ആർ റാക്കൂൺ | | ഡിസംബർ 2013 അകം |
| | | 13450 കി.മീ. – എസിഎസ്ആർ റാബിറ്റ് | 4240 കി.മീ. – എസിഎസ്ആർ റാബിറ്റ് | 9210 കി.മീ. (ഡിസംബർ 2013 അകം) |
| | | 12700 കി.മീ. – എസിഎസ്ആർ വീസൽ | 3355 കി.മീ. – എസിഎസ്ആർ വീസൽ | 9345 കി.മീ. (ഡിസംബർ 2013 അകം) |
| | | 1500 കി.മീ. – എസിഎസ്ആർ സ്ക്വറൽ | 441 കി.മീ. – എസിഎസ്ആർ സ്ക്വറൽ | 1059 കി.മീ. (ഡിസംബർ 2013 അകം) |
| 8) | വെതർ പ്രൂഫ് | 65000 കോയിൽ | 16769 കോയിൽ | 48231 കോയിൽ (ഒക്ടോബർ 2013 അകം) |
| 9) | എ.ബി.സ്വിച്ച് | 10000 എണ്ണം | 1000 എണ്ണം | 9000 എണ്ണം (മാർച്ച് 2014 അകം) |

25/6/13

ചീഫ് എഞ്ചിനീയർ (എസ്.സി.എം.)

സെക്ഷൻ ഓഫീസർ